അഹം ബ്രഹ്മേതി നിശ്ചിത്യ
അഹം ഭാവം പരിത്യജ

# ശ്രീധരന്റെ
# വേദാന്താവലോകനം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,
കായംകുളം

ॐ

# ശ്രീധരന്റെ
# വേദാന്താവലോകനം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,

കായംകുളം

Malayalam
SREEDHARANTE -
VEDANTAVALOKANAM

Author:
SADHU SREEDHARAN

Published at:

SREEDHARA DESAM TRUST
Govindamuttam P.O.
Puthuppally, Kayamkulam

Printed at:
A B. Press,
Chengannur

Copies 500

Copyright Reserved
14-11-1996

Phone : 3465 Kayamkulam



ഓം

ശ്രീഗുരവേ നമഃ

# ശ്രീധരന്റെ വേദാന്താവലോകനം

എന്തൊരത്ഭുതമമ്മേ ?
ആവശ്യപ്പെട്ടില്ലഞാനാരോടും.
എന്തിനെന്നെഅയച്ചിങ്ങിവിടേക്ക്
കാര്യസാദ്ധ്യമെനിക്കില്ലിവിടത്തിൽ
ഒരുസാദ്ധ്യവുമെങ്ങുമിവനില്ല.
സാദ്ധ്യതനിനച്ചുഞാനെന്തിനെചെയ്യേണ്ടു
സാദ്ധ്യാസാദ്ധ്യങ്ങളെന്തിന്നെന്നോടടുക്കുന്നു
വേദത്തെഅറിഞ്ഞാലും
വേദാന്തമറിഞ്ഞാലും
ആത്മവാനാത്മാനമല്ലാതെമറ്റെന്തറിവാനാ.
ഈശനല്ലാതെദുഃഖമാക്കേടോഭുവനത്തിൽ,
ഭുവനംകാണുവതേദുഃഖമെന്നറിഞ്ഞാലും.
എന്തുതാൻവാസ്തവമെന്നാരുതാനറിയുന്നു
ഹന്തബോധമേനിന്റെവൈഭവംചിത്രംചിത്രം

## ഓം
## ശ്രീഗുരവേ നമഃ

എങ്ങും നിറഞ്ഞൊരു ബോധരൂപാ
അംബുധിമാത്രഗംഭീരനായി
ഭീകരഭീകരഭീകരനായ്
ഞാനല്ലെന്നാക്കാൻ ശ്രമിക്കും നിന്നേ
ചൊല്ലും പടിക്കു നിറുത്തുമേ ഞാൻ
ഞാനാണു നിന്നാത്മാ
ബ്രഹ്മമായ് ചൊല്ലീടും
ബോധവ്യൂഹം.

പേടിച്ചുമാറാനും സാദ്ധ്യമല്ലാ
ബോധസ്വരൂപേ പകയുമില്ലാ
മോഹനമാക്കീടും ചേതസുമില്ലല്ലോ
എൻസോദരങ്ങൾക്കങ്ങാസ്വദിക്കാൻ
ബോധമല്ലാതൊന്നും ഞാൻ കണ്ടില്ലെടോ

നോക്കുമായാഭാസിതം
അത്യഗാധം വിശാലം വിഭും
ഹാ കാണ്മു ജഗത്തതായ്
അന്തമറ്റുള്ള വിസ്തൃതി
ആകാശമായ് വായുവായി
ഗംഭീരഭീകരജലവുമായി
എല്ലാം കാട്ടും വിഭുവതായ്
ചൈതന്യജ്യോതിസമാനം
ഹാ കാണ്മൂ മായയത്
വസ്തുവായ് തത്വമായ്
ഉള്ളിലും പുറമേയും

ഓം
## ശ്രീഗുരവേ നമഃ

ഉണ്ണീനിനക്കുഞാൻചൊല്ലിത്തരാം
പഠിക്കേണ്ടും പാഠംഞാൻപറഞ്ഞുതരാം
ബ്രഹ്മംകൊതിക്കുമോപുഴവാകുവാൻ
ബ്രഹ്മംകൊതിക്കുമോഭിന്നനാകാൻ
പലതായിക്കാണുമീലോകമെല്ലാം
ഏകമാംബ്രഹ്മമതാണകുഞ്ഞേ
കാണുന്നതെല്ലാമേമായയതേ
കേഠംപ്പതുമുഴവനുംമായതന്നേ
ഇന്ദ്രിയാലറിവതുംമായയതേ
ഇന്ദ്രിയമായതുംമായയതേ
എന്നാലുംമായഒട്ടില്ലതാനും
ഇവിടെവിടിരിക്കേണംസാധുആത്മാ
കോശക്കാരക്രിമിപോലിരിപ്പോആത്മാ
ഈക്കിലാൽകുത്തിയാൽചത്തുപോമോ
ഞെരുടിയാൽചാകുമോഞെക്കിയാൽചാകുമോ
തല്ലിയാൽചാകുമോചവുട്ടിയാൽചാകുമോ
പറയുവതെല്ലാമേമായയിൽതാൻ
എഴുതുന്നതെല്ലാമേമായതന്നെ
കാണവതെല്ലാമേമായതന്നെ
ആനന്ദമനവധിയനവധിയത്രേ
ഏകമല്ലല്ലമല്ലങ്ങനവധിഅനവധി
ഇതെല്ലാംകേട്ടനേരംപിടലിഅങ്ങല്ലം
ചരിച്ചചൊല്ലിയതുചൊല്ലട്ടേഞാൻ
ഇപ്പോഠംമുട്ടേന്നുവിരിഞ്ഞകുഞ്ഞു്
മുട്ടയിലിരിക്കുമ്പോഠംമുട്ടിയാലറിയുമോ

മുട്ടിയാലറികില്ലഞെക്കുവതറികില്ല
ചവുട്ടിചതക്കാതിരുപ്പാനുമറിവില്ല
അറിവതവന്നേകംദുഃഖംമാത്രം
വിശപ്പാൽദുഃഖംവരുംഅന്നേരം
കരഞ്ഞീടുംതീർക്കുവാനാളുവേണം
അതങ്ങുവളർന്നാൽപരളുവേണം
പറണ്ടിവേണംഞണ്ടുംഞറുവാണ്ടിയുംവേണം
വിസ്തൃതസങ്കല്പത്തിൽരാപകലോട്ടമായി
മാനസസരസാകെഇളക്കിമറിച്ചുകളിക്കും
അന്നകുഞ്ഞുങ്ങളേചിൽസാഗരമതേ
നിങ്ങൾപോയ്കണ്ടിട്ടുണ്ടോ
ആയതിൽപതിച്ചിട്ടുണ്ടോ
അയ്യയ്യോആയതിവീണതാകിൽ
അന്തതാപംപോയ്മറയും
പരമഹംസന്മാരെന്നായോരേവിളിക്കുന്നു
അവർചൊല്ലുകേട്ടിട്ടുണ്ടോ
ആയതല്പംപറയാമോ
ആയതുപറയാമല്പം
തെററിയാൽക്ഷമിക്കേണം

പണ്ടൊരുപരമഹംസം
മാനസസ്സരസ്സിന്നുംചിൽ
സാഗരത്തിന്നുമിടയ്ക്കുള്ള
താരകമതിലിരുന്നു
പാടുന്നഞങ്ങൾകേട്ടു
അയ്യയ്യോ അന്തമില്ലേ
വിസ്തൃതമാഹാംബോധി
ഒന്നുമേകാണാനില്ല
ആനന്ദതെന്നൽമാത്രം
ഇതുകേട്ടുഹസിച്ചുഞങ്ങൾ

അയ്യയ്യോമറന്നുപോയോ
മാനസസരസ്സതിനേ
അന്തമില്ലളവില്ലാ
മാനസമഹാലോകം
സങ്കല്പരാജ്യമതിൽ
അദ്ധ്രാജ്യമാക്കവേണം
മുഴരാജ്യംപിടിച്ചുകൊള്ളൂ
മലകളുണ്ടാറുകളുണ്ടു്
നല്പനൽമരങ്ങളുണ്ടു്
മാനുഷരാഷ്ട്രംപോലെ
ജീവികളുണ്ടനേകം
അംബുധിയുണ്ടാകാശമുണ്ടു്
നക്ഷത്രജാലമുണ്ടു്
സൂര്യനുംചന്ദ്രനുമുണ്ടു്
മറുകരഎങ്ങുമില്ലേ
ഇഷ്ടംപോൽപറന്നീടാം
ഇഷ്ടംപോലുയന്നീടാം
ആനന്ദമനവധിയനവധി

ഈ അറിവിനെ മറെറല്ലാത്തേയും അകററികളഞ്ഞിട്ടു് ബോധമാത്രസ്വരൂപിയായ ആത്മാമാത്രമാക്കി ആവിർഭവിച്ചുപോയതായിതോന്നി പോയ ആ മായാപരസങ്കല്പത്തെ ധ്വംസിക്കും പഠിത്തമായ,ഈ ഉപനിഷത്തിനെ ആത്മാവോടു ചേൎന്ന തന്നെ ഇരുന്ന മായ എന്ന തോന്നലാം സങ്കല്പത്തെ കളഞ്ഞുകഴകാം.

ഈ മാൎഗ്ഗേണയാണു് നാം ഉപനിഷത് പാഠാവലി തുടങ്ങിയിരിക്കുന്നതു്. ഇതിൽ ഓരോ മഹത്സിദ്ധാന്തങ്ങളേയും മുൻനിത്തി മഹത് അനുഭവകഥനങ്ങൾ സുഗമമായിതന്നിട്ടുണ്ടു്. കേനത്തിലും കഠത്തിലും

അങ്ങോട്ടങ്ങോട്ട ചെല്ലുമ്പോഠം സാക്ഷാത്കാരനിബന്ധമായ അനുഭവകഥാവിവരങ്ങഠം ഉണ്ട്. ഇതിനെ നേരാംവണ്ണം ദുസ്സൂചന ചെലുത്താതെ അനുഭവപൂൎണ്ണമായ മാൎഗ്ഗങ്ങളും ദൃഷ്ടാന്തങ്ങളും വിലയിരുത്തിവേണം പഠിക്കുവാൻ. ഈശാവാസ്യത്തിൽ ഒരു മഹാത്യാഗി ത്യാഗത്താൽ തന്നെ നിത്യമുക്തനാകുമെന്നു സൂചിപ്പിക്കുകയാണ്.

'ഈശാവസ്യമിദംസർവം
യത്കിഞ്ചജഗത്യാം ജഗത്
തേനത്യക്തേനഭുഞ്ജീഥാ
മാഗൃധഃകസ്യസ്വിദ്ധനം'

ഇവിടമെല്ലാം പഠിക്കുമ്പോഴാണ് പുരാണം ഉപനിഷത് വ്യാഖ്യാനനിലയെടുത്തു് നമ്മെ ആശയങ്ങഠം പഠിപ്പിക്കുന്നതു്. മുൻ മന്ത്രത്തെ സുവ്യക്തമാശ്രയിച്ച് അതിൽ തന്നെ പിടിഉറപ്പിച്ചാണ് ശ്രീ കൃഷ്ണൻ നീങ്ങിയിട്ടുള്ളതു്. ചോദിച്ചവൎക്കൊക്കും ചോദിച്ചതു നിരസിക്കാതെ ത്യാഗസമ്പൂൎണ്ണനായ കൎണ്ണൻ തന്റെ ജീവനെ തന്നെ ആവശ്യപ്പെട്ട ശ്രീകൃഷ്ണഭഗവാനു തന്നെ ദാനം ചെയ്തു കൃതാൎത്ഥനായി മുക്തനാക്കായി ഭഗവാനായി ഭവിച്ചതു്.

ഓം തത് സത്

# ഓം
## ശ്രീഗുരവേ നമഃ

വേദാന്തേ ഉറച്ച ഒരു തീരുമാനം അവലംബിക്കാതെ എവിടേയ്ക്കാണ് നാം നീങ്ങേണ്ടത്. ഇതിൽ ഞാനെത്തിച്ചേർന്ന പ്രയാസങ്ങളെ തരണം ചെയ്ത വിധം ആവും പോലെ വെളിപ്പെടുത്താം.

അത്യുഗ്രമാംവിധം ഉപാസനയെ നേരിട്ട് അതിൽ തനിക്കാശ്വാസം തോന്നും വഴി കണ്ടെത്തി — അതിന്മീതേ യോഗാനുസാരിയായി, ജ്ഞാനമാത്ര ഭാവനനായി ഒന്നൊന്നായി സ്വപ്രകാശേന സ്വായത്തമാക്കി പരിലസിച്ച് കൃതാർത്ഥതയോടെ.നീന്തുപഠിച്ച ബാലൻ കുളത്തിലും തോട്ടിലും നീന്തി അപകടമൊഴിച്ച പ്രതീതിയോടെ, അളവററതും എണ്ണമററതും അനന്തവും വിശ്വവിശാലവും മായാഘോരമാം തിരമാലകളാലലംകൃതമായ ഭയജനകമഹാസമുദ്രം കാണുമ്പോളറിയാം അവനു് നീന്താമോ നീന്തറിയാമോ എന്നു്.

ആയപോലെ നിർവിശേഷബ്രഹ്മത്തെ ആകമാനം നിഷ്പ്രഭമോക്കി, അളവററതും അനന്തവും കാലാതീതവുമായ ജഗത്സൃഷ്ടിയെ ചെയ്തു് കാട്ടി, അതിൽ ശാസ്ത്രവും പടുത്തുമോഹിപ്പിച്ച് സമ്മതിപ്പിച്ച്, അനന്തമററവിഹായസു കാട്ടി അതിൽ ജഗത്തുകാട്ടി അതിൽ പുളയും അനന്തജീവജാലങ്ങളേയും, അതിലൊരു പററമായി ഊത്ത സമാനം കണക്കാക്കപ്പെടാവുന്നതെങ്കിലും വിശിഷ്ടജീവപ്രാണികളെ അവഗണനാ മാത്രവിധേയമാക്കി നിഷ്പ്രഭാഭ്രരസ്ഥകോശസ്ഥകൃമിസമാനം കാട്ടി ബോധ്യപ്പെടുത്തും. മായാവൈഭവം ഓക്കാതെ വീമ്പിളക്കരുതേ.

ഇപ്രകാരേണ വൈഭവസമ്പന്നനായ കോവിലകം

കാര്യസ്ഥനേപ്പോലെ പരിലസിക്കം മായയാണ്` മായ എന്നതോക്കണം.

ഇനിയും ലോകമാകമാനവും തന്നിലും നിന്നിലും വ്യാപരിച്ച നിലകൊള്ളും മായാപ്രസരണ വൈചിത്ര്യം ഒന്നറിഞ്ഞിരിക്കേണ്ടതുതന്നെയാണ്`.

സർവാവകാശസമ്പന്നനും സർവകാര്യനിപുണയു മായ മായ എത്ര വൈശിഷ്ട്യത്തോടെയാണ്` സർവാധിപത്യം കൈയ്യടക്കുന്നത്`. സർവാധിപതിയായ ശ്രീരാജശേഖരൻെറ ഭാര്യയേയും അതിവേഗം കടത്തിവെട്ടി ദാസീഭാവത്താൽ മയക്കി രാജാവിലും പൊതുജനങ്ങളിലും രാജശേഖരനേയും അതിക്രമിച്ചുമുന്നേറി പ്രശോഭിക്കും ദാസിയെപ്പോലെ മായ തൻെറ മഹാവൈഭവത്താൽ മഹാമായയായി. ഈ മഹാമായയാണ്` മുന്നൂററിലൊന്ന്` മുളമൂട്ടിൽകണ്ണൻ എന്നപോലെ കരുതാവുന്ന നാം അതിജീവിച്ച്` തകർത്ത്` തരിപ്പണമാക്കി വിജയക്കൊടി പാറിക്കേണ്ടത്`. സാദ്ധ്യമോ വിഷമമോയെന്നാലോചിച്ചു തീരുമാനിച്ചുകൊള്ളൂ.

ആദിക്കമാദിയിൽ ബ്രഹ്മമുണ്ടേ
പണ്ടേ ആദിക്കമാദിയിൽ ബ്രഹ്മമുണ്ടേ
ബ്രഹ്മപ്രകാശേ ജഗത്തുപോരമേ
വിശ്വവിലക്ഷണമല്ലോബ്രഹ്മം

പിന്നെങ്ങനെടാ ബ്രഹ്മാണ്ഡം
വിരിഞ്ഞങ്ങുജഗത്തുണ്ടായി.
അല്ലേ അണ്ഡംവിരിഞ്ഞങ്ങ്
ചെള്ളായെന്നോകൊള്ളാം

ബോധമതു ജ്യോതിസാം ജ്യോതിസാണേ
ആയതുവിരിഞ്ഞങ്ങുജഗത്തുണ്ടായോ
നേരേപഠിക്കനീഎൻെറകുഞ്ഞേ
നേരുപഠിക്കനീഎൻെറകുഞ്ഞേ

ബ്രഹ്മമെന്നുപറയുവതു് ബോധമത്രേ
രൂപമില്ലാ—ദേശമില്ലാ—കാലവുമില്ലാ
ഏകബോധമളവററബോധ
മതിന്നുപരിധിയുംവച്ചോ

അല്ലല്ലാ അളവററെങ്ങും
നിറഞ്ഞുപൂർണ്ണാൽപൂർണ്ണമായ്
ഒരവസരത്തിലുംസങ്കുചിത
ഭാവമതില്ലാത്തേകമായ
ചിദാകാശത്തെയാണോ
ചിഹ്നികൊണ്ടങ്ങളക്കവാൻ
പണ്ഡിതർമുതിരുന്നതു്.
അജ്ഞാനമേനിൻകലവറ
ശൂന്യംതന്നെശൂദ്ധശൂന്യം

'ഓംപൂർണ്ണമദഃപൂർണ്ണമിദം
പൂർണ്ണാത്പൂർണ്ണമുദച്യതേ
പൂർണ്ണസ്യപൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ.'
ഓംശാന്തിഃശാന്തിഃശാന്തിഃ'

ഇതിനേ അത്രേ പൂർണ്ണത്തിൻെറ, ബ്രഹ്മത്തിൻെറ കലവറ എന്നുപറയേണ്ടതു്. വാസ്തവം പറഞ്ഞാൽ വേദ വേദാന്തങ്ങളിലെ ചില മന്ത്രങ്ങൾ ലോകം അത്ഭുതത്തോടെ വീക്ഷിക്കപ്പെടേണ്ടതുമാണു്. അതിലൊന്നത്രേ മുൻകാട്ടിയ മന്ത്രം,

ലോകത്തുള്ള അഖില വിജ്ഞാനീയത്തിൻെറ തലപ്പത്തു്, സഹസ്രദളോപരിബിന്ദുസ്ഥാനം നിലകൊള്ളും പോലെ സർവജ്ഞാനോപരി ഉപനിഷത് ജ്ഞാനം

പരിലസിക്കുന്നു. ഇതിന്റെ വെളിപാടുകൾ ഇന്ന് ലോകമെമ്പാടും സഹസ്രം വാഴ്ത്തപ്പെടുന്നുമുണ്ട്.

ഭാരതം ബ്രഹ്മമുഖമാണ്. മാനവരാശിയെ ബ്രഹ്മത്തിലേയ്ക്കു കടത്തിവിടുമിടം. ഈ ജ്ഞാനസമ്പൂർണ്ണ ഭാരതത്തിൽ അതിനെ അത്യന്തം ഉന്നതിയിൽ പ്രശോഭിതമാക്കി നിലനിർത്തി പരിലസിപ്പിക്കൽ ഉപനിഷത്തിന്റെ ഒരു കളിവിളയാട്ടം തന്നെ ആണ്.

ലോകം സൃഷ്ടമായ് തോന്നിക്കണ്ട കാഴ്ചപ്പാടിൽ അന്വേഷകഭാവനനായ ബ്രഹ്മാവ് ലോകാവലോകനം ചെയ്തിട്ട് ദുഃഖികളായി വിമുഖരായികണ്ട ഭാരതീവത്സങ്ങളെ കണ്ട് കഷ്ടം തോന്നി ഇവരുടെ ഉദ്ധാരണം അവശ്യമെന്നുകണ്ട് സമാനദുഃഖിയായിട്ടൊരു പുത്രനെ സങ്കല്പസൃഷ്ടിചെയ്ത് ആ ദുഃഖ പരിഹാരം പറഞ്ഞുകൊടുത്ത് രക്ഷപ്പെടുത്തി തൽപ്രകാരേണ ദുഃഖനിമഗ്നരായ ഭാരതീവത്സങ്ങളെ രക്ഷിച്ച് ജ്ഞാനദാനം ചെയ്തു പുലത്താനേപ്പാടുചെയ്ത് അങ്ങനെ ഭാരതീയ ഗുരുവായ ശ്രീ വസിഷ്ഠസൃഷ്ടിയെ ചെയ്തു സാധുകരണം കണ്ടെത്തി.

അദ്ദേഹം അപൗരുഷേയങ്ങളായ വേദ വേദാന്തങ്ങളെ ലോകസമക്ഷം ഭാരതദ്വാരാ വെളിപ്പെടുത്തിവരുന്നു. ഇപ്രകാരമുള്ള വെളിപ്പെടുത്തലിന് അദ്ദേഹം സ്വീകരിച്ചതു് പരമ പ്രധാനനായ ശ്രീരാമചന്ദ്രനെ ആണ്. അദ്ദേഹം വേദാന്തം ശരിക്കുമറിഞ്ഞിട്ട് അതിൽ നൂററിഎട്ടെണ്ണത്തെ തിരഞ്ഞെടുത്ത് അതാണ് ഈശകേനകഠപ്രശ്ന എന്ന അടുക്കിൽ വെളിക്കു വന്നിരിക്കുന്ന ഉപനിഷത്തുകൾ. അങ്ങനെ ശ്രീരാമചന്ദ്രനാൽ ക്രോഡീകരിച്ചതാണ് ഈ നൂററിഎട്ടുപനിഷത്തുകൾ. ഈ വിവരം പൊതുജന വിശ്വാസാർത്ഥം അദ്ദേഹംതന്നെ മുക്തികോപനിഷത്തെന്ന ഉപനിഷത്തിൽ വെളിവാ

ക്കിയിട്ടുണ്ട്. ഇത്രയും പറഞ്ഞതു കേട്ട് ശ്രീരാമനുമുമ്പ് ഉപനിഷത്തുകൾ ഈ മാതൃകയിലൊന്നുമില്ലായിരുന്നു എന്നു കരുതരുത്. ഉപനിഷത്തുകൾ അനവധിയാണ്.

ഋഗ്വേദത്തിനു 21 ശാഖകളും ഓരോ ശാഖയ്ക്കു മോരോ ഉപനിഷത്തും യജൂർവേദത്തിനു നൂററി ഒമ്പതു ശാഖകളും നൂററി ഒമ്പതുപനിഷത്തും സാമവേദത്തിനു ആയിരം ശാഖകളും ഓരോ ശാഖക്കും ഓരോ ഉപനിഷത്തും അഥർവ വേദത്തിനു അമ്പതു ശാഖകളും അമ്പതു ഉപനിഷത്തുകളും ഉള്ളതായി പറയപ്പെടുന്നു.

ഈ ഉപനിഷത്തുകളിൽ പെട്ടതായ നൂററിഎട്ടുപനിഷത്തുകളെയാണ് ശ്രീരാമചന്ദ്രൻ സുവ്യക്തം വെളിപ്പെടുത്തിയിട്ട് അവയുടെ മുറയും കാട്ടിതന്നിരിക്കുന്നതു്. ആ വിധേയനാണ് നാമിന്നറിയപ്പെടുംവിധം. എന്നാൽ അന്വേഷണ ബുദ്ധികളായ ചിലർ ഭാരതത്തിൻെറ ചില ചിലയിടങ്ങളിൽ ചില പരീക്ഷണഫലമായി കൂടുതൽ ഉപനിഷത്തുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇവകളിൽ ശരിപകർപ്പുകൾ തെക്കേ ഇൻഡ്യയിൽ കണ്ടെത്തിയ ഗ്രന്ഥപകർപ്പുകളിലേതാണെന്നു മറിയാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നൂററിഎട്ടുപനിഷത്തുകൾ എന്നതു മാറി നൂററി ഇരുപതെന്നും അതും കവിഞ്ഞു് ഇരുനൂറിനു മേലുമായിട്ടുണ്ട്. ഇതു് നാം ഭാരതീയർ ഹിന്ദുക്കൾ കരുതലോടെവേണം നീങ്ങുവാൻ. അടുത്ത കാലങ്ങളിലുള്ള സായണചാര്യരും എന്നുവേണ്ടാ ശ്രീ രാജഗോപാലാചര്യരുവരെ ഉപനിഷത്തെഴുതിയ കഥകളുണ്ട്. ആകയാൽ നൂററിഎട്ടിൽ മുറുകെ പിടിച്ചുകൊള്ളുക. കൂടുതൽ കൗതുകത്തിനു വായിയ്ക്കാം. ആദരിക്കുന്നതു് സൂക്ഷിച്ചുവേണം. മാക്സ്മുള്ളരും മററും അദ്ദേഹത്തിൻെറ ഭാഷ്യമെഴുതിയതും മററും വായിക്കാൻ

പററിയവർ പറയുകയും എഴുതുകയും ചെയ്യുന്നുണ്ടല്ലോ. ഇങ്ങനെയുള്ള ഈ പരമ്പരയിലെ ആദ്യനാണ് ഈശാവാസ്യം. ഋഗ്വേദാദി നാലു വേദങ്ങളിൽ മുമ്പനല്ലാത്ത ശുക്ലയജുർവേദത്തിലെ, ഈ ശാ വാ സ്യോ പ നി ഷ ത്തിനെ ആണ് ആദ്യനായി വേദാന്തമവതരിപ്പിക്കുന്നത്. പ്രഗത്ഭനവീനപണ്ഡിതന്മാരാരും തന്നെ ഈ ചെറുപനിഷത്തിനെ മൈനറാക്കി തള്ളുകയോ കൊള്ളുകയോ ചെയ്യുകണ്ടില്ലാ.

ഇങ്ങനെ എന്തോ ആശയവലയത്തിൽ പെടുത്തി കാട്ടിതന്നിരിക്കുന്ന ഈ ഈശാവാസ്യനെ മുന്നിൽ തന്നെ നിർത്തി നമുക്ക പഠനം തുടങ്ങാം.

ഉത്തമാധികാരിക്ക് മാണ്ഡൂക്യോപനിഷത് ഒന്നുമാത്രം കൊണ്ട് മുക്തി ലഭ്യമാകുമെന്നും അതുകൊണ്ടായില്ലെങ്കിൽ പത്തെണ്ണം പഠിക്കണമെന്നും, അതും പോരെന്നു കണ്ടാൽ മുപ്പത്താറെണ്ണം പഠിക്കണമെന്നും കാട്ടുന്ന ശ്രീരാമചന്ദ്രഭഗവാൻ വിദേഹമുക്താവസ്ഥയ്ക്ക് നൂററിഎട്ടും അറിയേണ്ടിവരുമെന്നും വിവരിക്കുന്നുണ്ട്. ഇതു് ഉപനിഷത് ചരിത്രപാഠമെന്നുവെയ്ക്കാം. ഇനിയും ഉപനിഷത്പാഠത്തിലേയ്ക്കു് കടക്കാം. സംസ്കൃതവിദ്വാന്മണികൾ ഉപനിഷത്പദത്തേ വേണ്ടുവോളം മനോഹരമായി വിച്ഛേദിച്ച് അർത്ഥകല്പന ചെയ്തിട്ടുണ്ട്. അടുത്തിരുന്നു ശരിക്ക വിശകലനം ചെയ്തു് ഗുരുസമ്മതാനുസരണം പഠിക്കപ്പെടേണ്ടതു് എന്ന വിധത്തിൽ ഇതിനു് അർത്ഥകല്പന ചെയ്തിട്ടുണ്ട്. ഇവയൊന്നും കൊണ്ടും പോരാ എന്നു കാണുന്നവർ മറെറല്ലാ വിചാരാതിമായാസൃഷ്ടി മനസ്സൃഷ്ട്യാദികളെ എന്നല്ല സർവ ആന്തരിക തടസങ്ങളേയും കടന്നു് ആത്മസമീപമേററവുമടുത്തെത്തിയിരുന്നു് പഠിക്കുന്നതു് പഠിക്കേണ്ടതെന്നെല്ലാം

രൂപകല്പന ചെയ്ത് വിശദീകരിച്ചു കാട്ടുന്നുണ്ട്. ഇപ്രകാരം പഠനത്തിനു ഃപാല്യം മാററുരച്ചു കാട്ടുന്ന ഈ അത്യുന്നത സിദ്ധാന്തം ഇത്ര മഹത്തരമോ എന്നോർത്ത് ആരും മലച്ചുനിന്നുപോകും. അതേ,മാനവരാശിയുടെ ഉയർത്തെഴുന്നേല്പിനും, സർവശ്രേയസ്സിനും കാരണഭൂതമായ ബോധത്തിനെ നിർവിശേഷബോധത്തെ മുമ്പറിയാതിരുന്ന കാലത്ത് ഈ നിർവിശേഷബോധം അഥവാ ബ്രഹ്മം അതിൻെറ കാന്തിയെ കാട്ടിത്തന്ന വേദബോധത്തിൻെറ ഏററവും കാതലായ ഭാഗമാണ് വേദാന്തക്കാതലായ ഉപനിഷത്തുകൾ. അതിലെങ്ങനെയോ ആദി പിടിച്ചു പററി ആദ്യനായി പരിലസിപ്പവനാണ് ഈശാവാസ്യം. ശുക്ലയജ്ജുർവേദാന്തർഗതമായറിയപ്പെടുന്ന ഈ ഉപനിഷത്ത്,ഈ ബോധപ്രഭ,അതിനെ വേദാന്തം ചൊല്ലുംപോലെ പഠിക്കാൻ ശ്രമിക്കാം.

ഈ, അറിവിനെ മറെറല്ലാറേറയുമകററിനിർത്തി ബോധമാത്ര സ്വരൂപനായ ആത്മാ മാത്രമാക്കി, സംഭവിച്ചുപോയെന്നു തോന്നി നിലകൊള്ളുന്ന മായാപരസങ്കല്പത്തെ ധ്വംസിക്കും പഠിത്തമായ, ഈ ഉപനിഷത് പഠനത്തിനാൽ ആത്മാവോടുചേർന്നുതന്നെ ഇരുന്ന മായ എന്ന തോന്നലിനെ കളഞ്ഞുകുളിക്കാം.

മുമ്പിനാലേ ഞാൻ പറഞ്ഞിട്ടുള്ളതാണ് ഉന്നത സമാധികളും, അറിഞ്ഞുതെളിയലും രണ്ടും പ്രയോജനത്തെ ചെയ്യുമെങ്കിലും രണ്ടും രണ്ടുംവിധം തന്നെ ആണെന്നു്.

ഒന്നു് സമാധിധ്യാനപരിശീലനവും അതിദുഷ്കര പ്രവർത്തനവുമാണ്. മറെറാന്നു് പ്രയത്നഫലമനുഭവിക്കലുപോലെ സുഖദായിനിയായറിയും അനുഭവമാണ്.

സമാധിസ്ഥനായി തന്നെ മറന്നു് വളരെ പ്രയാസങ്ങളനുഭവിച്ചിരിക്കം പോലെയും മറേറതു് അറിഞ്ഞു കണ്ട സമാധിയേ ക്ഷീണമകററി പ്രയാസ രഹിതമായ നുഭവിക്കം പോലെയുമാണു്. ഇതു് മുന്നോട്ടു മുന്നോട്ടു വരുമ്പോറം അതിമനോഹരമായും അനുഭവപ്പെടും. കഴിവുപോലെ പറയാം. അടുത്തു കൂടിസുവ്യക്തം മനസ്സിലാക്കുക.

സമാധിയെ ശ്രീ രാമ ഗീ ത യിൽ വിവരിക്കം പോലെ അപൂർവമായേ കണ്ടെത്തൂ. അതുകൊണ്ടു് അതിൻ മാതൃകയുമൊന്നു മനസ്സിലാക്കാം.

''കാമാദ്യാചിത്തഗാദൃശ്യാ
സ്തൽസാക്ഷിത്വേനചേതനം
ധ്യായേദ്ദൃശ്യാനുവിദ്ധോയം
സമാധിസവികല്പകഃ.''

ചിത്തഗോചരമായ കാമാദികളെ സാക്ഷിനിലയിൽ കണ്ടുകൊണ്ടു് പോരാ അറിഞ്ഞുകൊണ്ടു് നിലകൊള്ളും ചൈതന്യ ധ്യാനനിഷ്ഠൻെറ സമാധിയേ ദൃശ്യാനുവിദ്ധസമാധി എന്നു പറയണം. ഇതു് വികല്പത്തോടു കൂടിയ വികല്പാപരമാണെന്നറിയണം.

'അസംഗസ്സച്ചിദാനന്ദ സ്വപ്രഭോ ദ്വൈതവർജ്ജിതഃ
അസ്മീതിശബ്ദ വിദ്ധോയംസമാധി സവികല്പക.'

സംഗമററവനായി, സച്ചിദാനന്ദനായി സ്വപ്രഭാരൂപമാത്രനായി രണ്ടെന്നനിലയററവനായി താൻ തന്നെ, താൻ എന്ന ശബ്ദത്തിനു വിധേയനായി നിലകൊള്ളുന്നവൻെറ സമാധിയെ സവികല്പ സമാധി എന്നു പറയുന്നു.

എന്നാൽ പിന്നെ എങ്ങനെയാണു് നിർവികല്പ

നിലയെന്നാരായുന്നവൻ എങ്ങനെ ആ നിലവാരം ആ സ്വച്ഛംന്ദവടിവെന്നറിയാൻ മാർഗമെന്തു്.

'ഓം ഭാരതേ ദിവ്യാത്മാക്കളാം
വിശ്വംദപ്പ്ണദൃശ്യമാനനഗരി
തുല്യംനിജാന്തർഗതം'എന്നുപാടി.
—'സാന്ദ്രാനന്ദാവബോധാത്മക മനുപമിതം
ദേശകാലാവധിഭ്യാം നിർമ്മുക്തം
നിത്യമുക്തം നിഗമശതസഹ
സ്രേണനിർഭാസ്യമാനം'
എന്നൊരു മഹാശയൻ പാടി.

ഇതെല്ലാം കേട്ട വൃദ്ധകുഞ്ഞു് പാടാൻ മോഹിക്കുന്നുവെങ്കിൽ ക്ഷമിക്കൂ ക്ഷമിക്കൂ സഹിക്കൂ സഹിക്കൂ മഹത്തുക്കളേ മഹാശയരേ.

ഗംഭീരഗർജ്ജനം ചെയ്യും ധീരധീരാത്മാക്കളാംക്കുള്ള തത്രേ ഇവകൾ.

നായം ആത്മാബലഹീനേനലഭ്യ.
എങ്കിലും അമ്മേ ഞാനും ജല്പനം ചെയ്‌വതു ക്ഷമിക്കണേ, സഹിക്കണേ,

'ബ്രഹ്മം സർവശക്തികുലോത്ഭവം
ആനന്ദസന്ദായകം
ഗീതംമോഹനമാത്രമല്ല
അത്യന്തമോഹനസ്വരോജ്വലം
എത്തുംലോകമതാകമാനം
സൂര്യൻതൻകതിർപോലവേ
ഗീതങ്ങളങ്ങനെമാത്രമല്ലാ
എത്തുംലോകാലോകാന്തരങ്ങളിലുമതു"
എങ്ങുനിന്നെന്നോക്കവേണ്ടാ

അന്തരംഗത്തുജന്യംവിലസും
കതിരോൻ സമാനം ശോഭിതമോഹനം
പ്രഭയല്ലബോധകിരണംപരത്തും
ജ്യോതിസേജ്യോതിസാംജ്യോതിസാണേ
ബോധമേകറയററബ്രഹ്മമേ
നീഞാനായ്കണ്ടുഭജിപ്പതത്രേ
യജ്ഞംദിവ്യംദിവ്യാൽദിവ്യം
അതിൻെറഫലമേമോക്ഷാൽമോക്ഷം
പാവങ്ങൾപാവങ്ങൾപോകാൻ
പറകില്ലിവിടത്തിൽനിന്നു്

ശ്രവണ മനോഹര വാ ക്യ ങ്ങ ൾ കോർത്തുകെട്ടി ശബ്ദാൽ വ്യഞ്ജനമാക്കി ധ്വനിയാൽ സ്വരങ്ങളാക്കി നാദാൽ വിസ്തൃതിപൂരിതമാക്കി ആകാശേ സൂര്യൻ പോൽ വിസ്തൃതി മുഴുവൻ ജ്വാലാമാല വിതറും— സം വിത്തിൻപൊടിപൂരമേ ശബ്ദബിന്ദുതൻ അമൃതനാദാന ന്ദമേ—ആനന്ദത്തോടേററവുമടുത്ത നാദബിന്ദ്വാത്മകമേ തേജോബിന്ദുവതാകും ജ്യോതിസാം ജ്യോതിസാകും വർണ്ണശബളതപൂകികണ്ണിനാനന്ദമാകും രശ്മിതൻ തേജോ രൂപമേ, ആയത്തും കടന്നങ്ങെത്രയോ സൂക്ഷ്മാതിസൂക്ഷ്മ പരയായ പരിണാമമായ് പരമാണുവായ് പ്രസരിക്കും ബിന്ദുവേ നാദമേ നിൻ പ്രസരണം നിൻ ത്രസരം എത്താത്തിടത്തു് മററാരുചെല്ലും ആരുചെന്നു.

ആരുമല്ലാ ശ്രീധരൻ മനുഷ്യമധ്യേ ഏകാന്തം കണ്ടെ ത്താൻ ശ്രമിച്ചാൽ അതു് ക്ഷമയാപ്രോത്സാഹിപ്പിക്കുക.

മനമേ നീ എന്നെ എന്തു ചെയ്യുമെന്നാ ലോകം സൃഷ്ടിച്ച ജഗദീശൻ സൃഷ്ടി ചെയ്ത നിമിഷം തന്നെ സൃഷ്ടി ,ചെയ്തിട്ടില്ലെന്നും സൃഷ്ടി ഒട്ടു നടന്നിട്ടില്ലെന്നും വ്യക്തമായറിഞ്ഞ മഹേശ്വരാ നീയെൻെറ ഗുരുനാഥ

നല്ലേ ഞാനെവിടെ ഭയപ്പെടും ശ്രീനാരദനെപ്പോലെ കീർത്തനം പാടാനോ ഭക്തിപ്രസരമിളക്കാനോ കഴിവില്ലാത്ത എന്നെ കൊണ്ടു് നീ എന്തു ചെയ്യിക്കാനാ ഉദ്ദേശിക്കുന്നതു്.

ഭാരതീയ യുവഹൃദയങ്ങളിൽ വേദവേദാന്താതികളെ പകർന്നുകൊടുക്കുക എന്നതു് ഏവനും യഥാശക്തി ചെയ്തുകൊടുക്കേണ്ടതാണു്. അതു് വേണ്ടവിധം ചെയ്യാഞ്ഞതു് ഇൻഡ്യയിലെ മഹത്തുക്കൾ ചെയ്ത ഒരു മഹാപരാധമാണു്. ഇനിയുള്ള മഹത്തുക്കളെങ്കിലും അതു സഹഷം ചെയ്യണേ. ഞങ്ങളെപ്പോലുള്ള പാവങ്ങൾ അതുകണ്ടു സന്തോഷിക്കാനിടവരുത്തേണമേ. എങ്കിലും അവർ വരുംവരെ കാത്തിരിക്കാനോ അവരാരുമറിയാതെ മറഞ്ഞാലോ. അന്യസ്ഥാനത്തു തൻെറ ബോധമുറപ്പിക്കേണ്ട അതു് തന്നിൽ തന്നെ നിന്നോട്ടേ അതു് തന്നിലേ നില്ക്കു താനും.

എങ്ങും നിറഞ്ഞോരു ബോധരൂപാ അംബുധി സമാന ഗംഭീരനായി ഭീകര ഭീകര ഭീകരനായ് ഞാനല്ലെന്നാക്കാൻ ത്രസിക്കും നിന്നെ ഞാനാണു് നിന്നാത്മാ, ലോകാത്മാ, ബ്രഹ്മമായയറിയപ്പെടും ബോധ വ്യൂഹം, ആകയാൽ പേടിച്ചു മാറാനും സാദ്ധ്യമല്ലാ.

ബോധസ്വരൂപേ പകയുമില്ലാ
മോഹിപ്പിച്ചുമയക്കീടാൻചേതസുമില്ലവിടെ
എൻസോദരങ്ങൾക്കൊസ്വദിക്കാൻ
ബോധമല്ലാതെമറ്റൊന്നുമില്ലായിടം
അവിടെ കളിക്കാൻകളിവേണ്ടോ
ബോധം കളിക്കും കളികാണുമ്പോൾ
മണ്ടംകളിക്കും കളിവേണമോ.

നോക്കുമായാഭാസിതം.
അത്യഗാധം,വിശാലം,വിഭ്രം.
ഹാ! കാണ്മൂ ജഗത്തതായ്
അന്തമററുള്ളവിസ്തൃതി
ആകാശമായ്വായുവായി
ഗംഭീരഭീകരജലവുമായി
എല്ലാംകാട്ടംവിഭവതായി
ചൈതന്യഒളിഅമ്പതായ്
ഹാകാണ്മൂമായയത്തു്വസ്തുസ്വരൂപമായും.

ഇങ്ങനെ ലോകത്തെ മാനവരാശിയെ ആകമാനംഒപ്പിക്കും രാഹുവായും ബോധസ്വരൂപികളായ മനുഷ്യരെ വസ്തുസ്വരൂപമററ വസ്തുവായും ആക്കികാട്ടി വിഡ്ഢികളാക്കും പ്രത്യേക വിശിഷ്ട ചൈതന്യമായും പരിലസിക്കും ഒരവ്യക്ത ശക്തിവിശേഷം നിലനില്പില്ലാതെ ലോകേ നിലകൊള്ളുന്നു എന്നതു് ഒരത്ഭുതപ്രതിഭാസം തന്നെയാണ്. ഇതിനെ അവഗണിച്ചാലും അഴിഞ്ഞു പോകുന്നതല്ല. ജയിച്ചാലും നശിച്ചാലും ഇവിടെതന്നെ നമുക്കപൊരുതാം. ആവശ്യപ്പെടാകോലം സമ്മതമില്ലാതെ കെട്ടിചമപ്പിച്ച് പമ്പരവിഡ്ഢിയാക്കി – ആട്ടത്തിലെ കോമാളിയോ നാടകത്തിലെ വിദൂഷകനോ ഇംഗ്ലീഷ് മീഡിയത്തിലെ ബഫൂണോ ആക്കികാട്ടി തൊലി ഉരിച്ച്വിടും വിഡ്ഢിവേഷം കെട്ടിചമച്ചുകാട്ടി സദസ്സിന്നപഹാസ്യനാക്കി വിടലാണോ ഈശ്വരൻേറയുംതൊഴിൽ അതറിഞ്ഞേ അകലാൻ പററൂ.

സാധുവായ് സാധുവായ് സാധുക്കളിൽ സാധുവായ് ഈശ്വരസേവാപരനായി നിന്നുകൊള്ളാൻ പറഞ്ഞ് ഇവിടെ ഈശ്വരൻ ആരേയും സൃഷ്ടിച്ചുവിട്ടില്ല. അപ്രകാരമുള്ള സൃഷ്ടിക്കായി ഒരു ഈശ്വരസൃഷ്ടി നടന്നതായോ നടത്തിയതായോ പറഞ്ഞുകേട്ടതുമില്ല.

നടക്കാനൊക്കാ സൃഷ്ടിയിൽ ഈശ്വരാ കൗതുകം ജനിച്ചതും എങ്ങനെന്നാരോരും പറഞ്ഞുകേട്ടില്ല. നടക്കാനൊക്കാ സൃഷ്ടിയിൽ ഈശ്വരൻ കൗതുകം കണ്ടെത്തിയ ആവശ്യം ആരും പറഞ്ഞും കേട്ടില്ല. എല്ലാം പഠിക്കലെല്ല ഇന്നത്തെ തൊഴിലില്ലാത്തൊഴിൽ

ലോകം നടക്കാസൃഷ്ടിയിൽ പെട്ടതാണ്. അതിന്റെ തത്ത്വാവിഷ്കരണവും അതിവിശിഷ്ടമാണ്.

ആദിയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് തനിബോധമാത്രമായിരുന്നു. ബോധത്തിൽ നിന്നും ലോകമുണ്ടാകാൻ അതിന് ഒരുവിധ കരട്ടമില്ലായിരുന്നു. എങ്കിലും ലോകം കാണപ്പെട്ടപോലും. മായാവൈഭവാൽ ലോകാവലോകനം സാദ്ധ്യമാണെന്ന് കാട്ടിവച്ചു.

ഇവിടെ അത്യന്തം സമുന്നതമായ ഒരത്ഭുതപിറവി നടന്നു. ബോധം നിത്യനാണ്, ആദ്യന്തമാണ്, സ്വയം പ്രഭയുമാണ്. ആ ബോധത്തിൽ നിന്നും ലോകമാം ജഡം ജാതമായെന്നാണ് അത്ഥസമ്മതവീക്ഷണം. ഇതിന്റെ സാധൂകരണമാണവശ്യം ആരായേണ്ടതു്. ലോകമെന്നതു് ഒരു വക ജഡമാണ്. ആ ജഡം നിർവിശേഷബ്രഹ്മമായ ബോധത്തിൽ നിന്നും ഉടലെടുത്തതായി വിവരണം. ഇതു് ശരി ആക്കാൻ ബോധാവലികണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നതു്. നോക്കാം, ഇതിന് പുരാണേതിഹാസങ്ങൾ മാത്രമല്ലാ വേദവേദാന്തങ്ങൾപോലും സഹകരണം നീട്ടുന്നുണ്ട്. ശാസ്ത്രസമ്മതത്തിനേററവും പ്രധാനം പ്രത്യക്ഷപ്രമാണമാണല്ലോ. ആ പ്രത്യക്ഷപ്രമാണത്തെ മുൻനിറുത്തി ശക്തിയായി പരിലസിക്കുന്നതാണ് ഷഡ്ദർശനങ്ങൾ എന്നറിയണം. അങ്ങനെ അനുഭവം പ്രത്യക്ഷപ്രമാണം ദർശനങ്ങൾ ഇവ

യെല്ലാമൊന്നിച്ച നിരന്നാൽ പിന്നെ ആരു തടയാനാണു്. ത്രിപുരാംബയെപ്പോലെയും ദുർഗ്ഗാമഹേശ്വരിയെപോലെയും ഗംഭീരകളായ അവരെ ഒക്കെ ആരു തടയാനാണു്. ആരു തകക്കാനാണു്, മാത്രമല്ല ഈ സേനകളുടെ എല്ലാം നായകത്വം വഹിക്കുന്നതു് ഈശ്വരനുപോലും അജയ്യയായ ഒരുവിധേനയും വഴങ്ങാത്ത അനുസരിക്കാത്ത മഹാമായാഭഗവതിയാണെന്നുമോർക്കണം. പിന്നിതിനെ എങ്ങനെ ജയിയ്ക്കാനാ. അതു് മനസ്സിരുത്തി പഠിക്കണം.

അതു തുടങ്ങാം. ബോധമാം ബ്രഹ്മത്തിൽ നിന്നും ലോകം സൃഷ്ടിക്കപ്പെട്ടു എന്നു പറക സാദ്ധ്യമല്ല. സൃഷ്ടിക്കപ്പെട്ടു് സൃഷ്ടിവിധേയമായി നില്പതു് അരൂപ നിർവിശേഷമാകുക സാദ്ധ്യമല്ല. ആകയാൽ ബ്രഹ്മം വേറെ ജഗത്തുവേറെ, ബ്രഹ്മം സത്യം ജഗത് മിഥ്യ. ബ്രഹ്മമെന്നുമുള്ളതു്. ആദ്യന്തമില്ലാത്തതു്. സൃഷ്ടിക്കവിധേയവുമല്ല സൃഷ്ടിയിൽപെട്ടതുമല്ലാ. സർവതന്ത്രസ്വതന്ത്രൻ, നിർവിശേഷൻ, നിരാകാരൻ, അനന്തൻ, ആനന്ദമാത്രൻ ഇങ്ങനെ വിവരിച്ചാലും അതിനപ്പുറം കടന്നു നില്പവനാണു് നിർവിശേഷ ബ്രഹ്മം. ബ്രഹ്മം വിവരിക്കപ്പെടാവുന്നതല്ല. ബ്രഹ്മത്തെ വകയിരുത്തുന്ന ഏക മാർഗം ബ്രഹ്മ്യവിലക്ഷണമത്രേ. ജഗത്തു് എന്ന മാർഗ്ഗേണയാണു്. ബ്രഹ്മം കാണുന്ന നേരത്തു് വിശ്വമില്ലെന്നു നിർണ്ണയം ആയ്പോലെ വിശ്വം വീക്ഷണവിധേയമായിനിലകൊള്ളുന്നുവെങ്കിൽ അയാൾ ബ്രഹ്മത്തെ അറിഞ്ഞില്ലെന്നും അറിഞ്ഞനുഭവസമ്പന്നനായില്ലെന്നും പറയേണ്ടിവരും എന്നു പറഞ്ഞാൽ വിശ്വവീക്ഷണവിധേയനായി നിലകൊള്ളുന്ന ഒരുവനു് ബ്രഹ്മാനുഭൂതി എത്തുപ്പെടുക പ്രായാസമെന്നു കാണണം.

ഇതങ്ങനെ നില്ക്കട്ടെ—വാസ്തവത്തിൽ നാമെന്താണറിഞ്ഞതു്. ഒരുവൻെറ ഉള്ളിൽ ഒരു ജീവനുണ്ടു്. അതില്ലെങ്കിൽ അവനില്ലതന്നെ. ആ ജീവൻ എങ്ങനെ ഉള്ളിൽ നിലകൊള്ളുന്നു എന്തിനു നിലകൊള്ളുന്നു. അതാരാണു് അതിനു് ശാസ്ത്രസമ്മത എന്തു വിധേനയാണു്. ഇതിനെല്ലാം തപ്പിയും തടഞ്ഞും വല്ല മറുപടികളും മതിയോ, വ്യക്തം ശാസ്ത്രസമ്മതം കൊള്ളുന്ന ഉത്തരം തന്നെ കിട്ടണം. ഇതുപോലെമറിയാൻ വയ്യാതെയാണു് നമ്മേ പോലെയുള്ള പാവങ്ങരം ഓരോന്നറിയുന്നതും പറഞ്ഞു കരംക്കുന്നതും ഇവയെല്ലാം ശരിക്കും വിലയിരുത്തി ശുദ്ധമായ സിദ്ധാന്തത്തെകാട്ടി മറുപടികിട്ടണം അവയെ കണ്ടെത്താൻ ആവതു ശ്രമിക്കാം ശ്രമിക്കണം. ഈശ്വരൻ തൊഴിലില്ലാഞ്ഞെന്നവണ്ണം അനവധികോലങ്ങരം ഉണ്ടാക്കി, പശു. കാള, പോത്തു്,ആന. പുലി കടുവ എന്നുവേണ്ടാ അനവധി അതിൽ ഒന്നായി മനുഷ്യരൂപവും പടുത്തുവച്ചു. അതിൻെറ ഉത്തമാംഗത്തിൻെറ നടുമദ്ധ്യത്തിൽ വിദൃതി എന്ന നാമത്തിൽ ഒരു ദ്വാരം ചമച്ചു് ആ ദ്വാരത്തിൽ കൂടി ഉള്ളിൽ പ്രവേശിച്ചു് അവലോകനം ചെയ്തതിൽ മററിടം പോലെ അല്ലാ ഇവിടം ഈശ്വരനു് പററിയ ഇടമെന്നുകണ്ടു് അവിടെ താവളമുറപ്പിച്ചു,

ഇതു് കഥപറച്ചിലല്ല കാര്യംതന്നെ ആണു് എന്നു് ശാസ്ത്രോക്തിയും കാണാം. ഇവിടം തുടങ്ങി നമുക്കു മനുഷ്യനിർമ്മിതിഭഗവതിരുപ്പടമാക്കിയിട്ടു് പിന്നത്തെ ചെയ്തികരം ഒക്കെപോലെ കണ്ടെത്താം.

അത്ഭുതകരമായ ഒരു ലോകപിറവിയുടെ അന്തസത്ത ആത്മസ്രോതസെങ്ങിനെ ഇരുന്നിരുന്നു എങ്ങിനെ ഇരിക്കുന്നു മേലിലെങ്ങനെ ഇരിക്കാനാണുസാധ്യത

ഇവയെല്ലാം മനുഷ്യസഹജമായ അന്വേഷണബുദ്ധിവി ഷയമാക്കി നമുക്ക് അവലോകനം ചെയ്തു പഠിക്കാം.

മനുഷ്യന്റെ മൂലാധാരത്തിങ്കൽ ഒരത്ഭുത ശക്തി വിശേഷം നിലകൊള്ളുന്നതായി ശാസ്ത്രവിവരണം വ്യക്തമായിട്ടുണ്ട്.

'മൂലാധാരൈകനിലയാ
സർവവർണ്ണോപശോഭിതാ'

ഇതേവിധേന മററു ചില വിവരണങ്ങളും കണ്ടെത്താൻ കഴിയും.

'ചിദഗ്നികുണ്ഡസംഭൂതാ
ദേവകാര്യസമുദ്യതാ'
'ശുദ്ധവിദ്യാങ്കുരാകാര
ദ്വിജപങ്ക്തിദ്വയോജ്ജ്വല'
'ചിന്താമണിഗൃഹാന്തസ്ഥാ
പഞ്ചബ്രഹ്മാസനസ്ഥിതാ'
'ജ്വാലാമാലിനികാക്ഷിപ്താ
വഹ്നിപ്രാകാരമദ്ധ്യഗാ

സുവ്യക്തമാകകൊണ്ട് അർത്ഥവിവരണം ചെയ്യുന്നില്ല. ഇങ്ങനെ തന്റെ ജീവൽശക്തിയേ തന്റെ ആത്മനില യപ്രശോഭിത മഹാമണ്ഡലത്തിൽ കണ്ടെത്തും. പ്രഭാപൂ രിത മഹാദ്യുതിയാണ് ജീവൽസ്വരൂപ പാശാദ്ധ്യ യായ ആത്മാവെന്നേവനുമോർക്കണം ബോധമാകുന്ന അഗ്നികുണ്ഡത്തിലൂടലെടുത്തവളും ജീവന്റെ ജീവൽ ചൈതന്യകാരണത്തെ ചെയ്തു പ്രശോഭിക്കുന്നവനുമാ ണാത്മാ ഇങ്ങനെല്ലാമായ ആത്മവിവരണ സ്തുതിതന്നെ ആണ് ലളിതാസഹസ്രനാമം നമുക്ക് പ്രദാനം ചെയ്തു വിരാജിക്കുന്നതു്. ഇവിടെല്ലാം നാം പ്രത്യേകം സ്മരി ക്കേണ്ടതു് ദേവിയായി പ്രകീർത്തിക്കപ്പെടുന്ന സാക്ഷാൽ

മഹേശ്വരി ചിദഗ്നികുണ്ഡസംഭൂതയായ ആത്മശക്തി തന്നെ എന്നുകണ്ടു തെളിയണം. അപ്രകാരേണ അറിഞ്ഞു തെളിഞ്ഞാൽ മഹേശ്വരിക്കു മുക്തിതേടി നടക്കേണ്ടഗതികേടുമാറും, നിത്യമുക്ത ശുദ്ധയായ സ്വ ആത്മാ തന്നെയാണതെന്നറിഞ്ഞു് മുക്തനു് മുക്'തി അന്വേഷിച്ചലയേണ്ട ഗതികേടുമാറും. അതിനെയാണു് പരിപൂർണ്ണ സത്തുക്കൾ മുക്'തിയായി കൊണ്ടാടുന്നതു്.

ശ്രദ്ധിച്ചു് യുക്'തി ബുദ്ധിസഹായേന പിന്തുടരുക. അഞ്ചോ പതിനഞ്ചോ വയസ്സുവരെയെങ്കിലും താനജ്ഞനായിരുന്നുകൊള്ളാമെന്നു് നാമാരോടെങ്കിലും ഏറ്റോ. പിന്നെ ഈ അനുഭവസമ്പന്നമായ മനോഗതി എങ്ങനെ വന്നുചേർന്നു. ആരാവശ്യപ്പെട്ടു? കാമാദിവിചാരങ്ങൾക്കടിമപ്പെട്ടു് ബാക്കി ജീവിതം കളഞ്ഞുകുളിച്ചു കൊള്ളാമെന്നാരാനുമേറ്റകഥയുണ്ടോ? ഏറ്റെങ്കിൽ അതേറ്റു. ഇതുകൊണ്ടു് ഞാൻ നിങ്ങളുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതു്—നമ്മുടെ ജീവിതം നയിക്കുന്നതു് നമുക്കുവേണ്ടിയോ അതോ മറ്റുവല്ല ആൾക്കാർക്കു വേണ്ടിയോ.

ലോകത്തിൻെറ ആവശ്യം മനുഷ്യനാണെന്നു പറയുവാൻ മനുഷ്യൻ സന്നദ്ധമാണോ, അതോ ദൈവാവശ്യമോ, അതേല്ക്കാൻ ഈശൻ തയ്യാറോ.

> ''അനുഭൂതേർവേദനസ്യ
> പ്രതിപത്തേര്യ്ഥാദിധം
> പ്രത്യക്ഷമിതിനാമേഹ
> കൃതംജീവഃ സ ഏവ നഃ''

അനുഭൂതി, വേദനം, പ്രതിപത്തി എന്നെല്ലാം പ്രമാണവിജ്ഞാനികൾ പ്രത്യക്ഷമായിട്ടറിയപ്പെടുന്ന വസ്തു

തത്ത്വത്തെ കണക്കിലെടുത്തു് നാമകരണം ചെയ്തിരിക്കുന്നു. അതിനെത്തന്നെയാണു് നമ്മുടെ ജീവൻ എന്നു് വ്യക്തമായറിഞ്ഞാലും.

"ഓർത്താലും സുഷുപ്തിയിൽ
ഈ ജീവൻതന്നെസംവിൽ
മാത്രരൂപനായ് വിളങ്ങുന്നു."

"സ്വപ്നത്തിലും ജാഗരത്തിലു
മഹങ്കാരമായതുംപുമാനാ
യതും ജീവൻതന്നെ"

"സംവിത്യാഘടപടാദ്യങ്ങ–
ളായ്ഭവിച്ചോരുജീവ–
നെതന്നെ പദാർത്ഥമെന്നോതീടുന്നു."

ഇങ്ങനെ പറഞ്ഞു് ശ്രീവസിഷ്ഠഭഗവാൻ സംവിൻമാത്രരൂപനായ് വിളങ്ങുന്ന ജീവൻ തന്നെയാണു് സുഷുപ്തപുരുഷനായ് വിളങ്ങുന്നതെന്നും. സ്വപ്നത്തിൽ അഹങ്കാരമായറിയപ്പെടുന്നതും ജാഗരത്തിൽ പുമാൻ അതായതു് താൻ തന്നെ എന്ന നിലയെടുത്തു നിലകൊള്ളുന്നതും ഈ ജീവൻ തന്നെ എന്നു സുശക്തം വിളിച്ചു പറയുന്നു. വാസിഷ്ഠരാമായണത്തിൽ ജഗത്തുല്പത്തിയുടെ വിവരണം സ്വല്പം ശ്രദ്ധിച്ചു് വിമർശനബുദ്ധ്യാ പരിശോധിച്ചു പഠിക്കാം.

സുഷുപ്തിയിൽ ഇവൻ താൻ സംവിത്തു് എന്ന പ്രകാരേണ വിളങ്ങുന്നു. സ്വപ്നത്തിലും ജാഗരാവസ്ഥയിലും അഹങ്കാരമായും താൻ താൻ എന്ന വ്യക്തിപ്രഭാവവാഹിയായും പ്രശോഭിക്കുന്നു. ഇതെല്ലാം ജീവൻ തൻെറ പ്രതിഭാസരൂപമെന്നു് തന്നെ പറയാൻ പററൂ.

ഇവിടമെല്ലാം വിശദമായും തന്മയത്വമായും ശ്രീവസിഷ്ഠൻ ശ്രീരാമചന്ദ്രനു് വിവരിച്ചുകൊടുത്തിട്ടുണ്ടു്.

ഇതെല്ലാം പഠിച്ചാൽ നാമെത്രമാത്രം കാട്ടകയറികഴി ഞ്ഞുവെന്നു് അത്ഭുതത്തോടെ സമ്മതിക്കേണ്ടിവരും. വിവരണമാണെങ്കിൽ കൈരളീദേവിക്കു് ശ്രീരാമമേനവന്റെ മനോഹാര്യത തുളുമ്പുന്ന സാഹിത്യ ഭംഗി എത്ര നിർമ്മലമനോഹരണമാണു് നാമറിയാതെ നമുക്ക സമ്മാനിച്ചിരിക്കുന്നതു്. എഴുത്തച്ഛനെ വിട്ടാൽ ശ്രീ രാമമേനവൻ കൈരളിയുടെ വാത്സല്യഭാജനം തന്നെയായ ഒരു കൊച്ചുകുഞ്ഞുതന്നെയെന്നാരാണു സമ്മതിക്കാത്തതു്, നമോവാകം.

വാസിഷ്ഠത്തിലെ വേദാന്തവിവരണം ഭാരതത്തിന്റെ അനിതരസാധാരണമായ വേദാന്ത സംഭാവനയാണു്. അതിന്റെ ചിത്രീകരണം കൂടി അല്പമൊന്നറിഞ്ഞു കണ്ണോടിച്ചുകടക്കാം.

''നഭസ്സിൽസങ്കല്പത്താൽ
പൃത്ഥ്യാദിരഹിതമായ്
ശോഭിച്ചീടുന്നതായ
പുരുഷാകാരംപോലെ
കമലോത്ഭവൻതാനും
വിളങ്ങീടുന്നതെന്നും
കമലത്തിങ്കൽനന്നായ–
റിഞ്ഞീടുകവേണം
ആദിമദ്ധ്യാന്തഹീനം
കേവലംചിദാകാശം
ചേതസിലോക്ക് നന്നായ്
സ്വയംഭൂ പരബ്രഹ്മം''

ഇപ്രകാരം വിവരിച്ചിരിക്കുന്ന ഒരു വേദാന്തഗ്രന്ഥത്തിന്റെ ലോകോത്തരശ്രേഷ്ഠനായ ശ്രീവസിഷ്ഠമഹാത്മാ

വിന്റെ സ്വാനുഭവസാക്ഷാൽക്കാരാധിഷ്ഠിതവിവരണം എത്രമേൽ ശ്ലാഘിച്ചാലും ആരുതാൻ തൃപ്തനാകും.

പണ്ടു് ലോകസൃഷ്ടിക്കുശേഷം നമ്മുടെ പിതാമഹൻ ശ്രീ ബ്രഹ്മാവു് അഖിലലോകസൃഷ്ടാവു് തന്റെ ലോകമാകമാനമുള്ള സന്തതികളുടെ ആകമാന നില, അവലോകനം ചെയ്തിട്ട് പരിപൂർണ്ണതൃപ്തന്മാരും അരോഗദൃഢഗാത്രരും ഉത്സാഹശാലികളുമായ ജനതതിയെ നോക്കികണ്ടതിൽ ഭാരതീപുത്രന്മാർ അല്പഗാത്രന്മാരും ദുഃഖികളും വിഷാദാൽ മൂകസമാനന്മാരുമായി കാണുകയാൽ അനുകമ്പ തോന്നിയിട്ടു് അതിന്റെ കാരണാന്വേഷണത്തിൽ അതിനു് പ്രതിവിധി കണ്ടെത്തണമെന്നുകണ്ടു്, താനിരിക്കും താമരദളത്തിന്റെ ഉത്തരപത്രത്തിൽ തൻ രൂപവടിവാന്ന ശ്രീവസിഷ്ഠമഹാശയനെ ഇരുത്തി ഭാരതീയ പൗരാവലിയുടെ വിഷാദകാരണമറിഞ്ഞു് വിവരിച്ചു മനസിലാക്കിക്കൊടുത്തു് അതിന്റെ പരിഹാരമാർഗ്ഗവും പറഞ്ഞുകൊടുത്തിട്ടു് ഇനി ഭാരതഭൂവിൽ താമസിച്ചു് അവിടെ ഉള്ള ജനങ്ങളുടെ വിഷാദത്തെ തീക്കും പ്രകാരത്തെ പറഞ്ഞു് ബോധ്യപ്പെടുത്തിക്കൊടുത്തു് ഭാരതത്തിന്റെ സ്ഥിരാചാര്യനായി സ്ഥിരമായി പ്രതിഷ്ഠിച്ചതനുസരിച്ചാണു് ഇന്നും നടന്നുവരുന്നതു്. ഈ വസിഷ്ഠനെങ്ങനുള്ള ആളാണെന്നുകൂടി അറിഞ്ഞുകൊള്ളുക. ഭാരതചരിത്രത്തിൽ സുപ്രസിദ്ധന്മാരായ രണ്ടു് ഋഷിശ്രേഷ്ഠന്മാരുണ്ടു്. ഒന്നു് വിശ്വാമിത്രനും മറേറതു് വസിഷ്ഠനുമാണു്. ഇവരിൽ ബ്രഹ്മർഷിനില സമ്മതം വന്നിട്ടുള്ളതു് ശ്രീവസിഷ്ഠനായിരുന്നു—വിശ്വാമിത്രനും വസിഷ്ഠനുമായി മത്സരമായി ബ്രഹ്മാവിന്റെ മദ്ധ്യസ്ഥതയിൽ തീരുമാനമുണ്ടാക്കാൻ തീരുമാനിച്ചു അതിൻപ്രകാരം ബ്രഹ്മാവിനെ

സമീപിച്ചു. അദ്ദേഹം രണ്ടുപേരോടും തന്നേക്കാൾ എളി യവരായ ആയിരമാൾക്കാക്ക് കാലുകഴുകിച്ചുകൊടുത്തു വരുവാനാജ്ഞാപിച്ചു. സമത്ഥനായ വിശ്വാമിത്രൻ ദിവസങ്ങൾക്കകം കാര്യം നിർവഹിച്ചു ബ്രഹ്മാവി ന്റെ സന്നിധിയിൽ മടങ്ങിവന്നു. ശ്രീവസിഷ്ഠന്റെ വരവുംകൂടി പ്രതീക്ഷിക്കാമെന്നു പറഞ്ഞു വസിഷ്ഠനെ കാത്തിരുപ്പായി. കുറെ നാൾ കഴിഞ്ഞപ്പോൾ വസി ഷ്ഠൻ വന്നുചേന്നു. അദ്ദേഹത്തിനു് ആക്കും തന്നെ ഊട്ടു നടത്താൻ കഴിഞ്ഞില്ലെന്നും തന്നേക്കാൾ എളിയവ രായി താൻ ആരെയും കണ്ടെത്തിയില്ലെന്നുമറിയിച്ചു. ഇതുതന്നെയാണു് നിങ്ങൾ തമ്മിലുള്ള വ്യത്യാസം എന്നു പറഞ്ഞപ്പോൾ ബുദ്ധിശാലിയും സമത്ഥനുമായ വിശ്വാമിത്രൻ ഉടൻ തന്നെ കാര്യം മനസ്സിലാക്കി തന്റെ പോരായ്മയും നേരിലറിഞ്ഞു് ശ്രീവസിഷ്ഠന്റെ മാന്യത മാനിച്ചു് ദ്ദേഹത്തേയും മാനിച്ചു പിരിഞ്ഞു. ഇതാണു് ഭാരതീയന്റെ ജന്മദുഃഖനിവാരണ ഭാരവാഹി യായ ശ്രീവസിഷ്ഠൻ ഭാരതേ വിളങ്ങുന്നതു്.

ജാഗ്രത് സ്വപ്നം സുഷുപ്തി തുരീയം ഇങ്ങനെ യെല്ലാം വിദ്വജ്ജനങ്ങൾ പറയുന്ന ചില അവസ്ഥാ വിശേഷങ്ങൾ ലോകത്തു കാണുന്നുണ്ടു്. ഇതു് തികച്ചും പഠനാർഹമാണു്. ഇവകൾ ഞാനറിഞ്ഞവിധം നിങ്ങ ളെ മനസ്സിലാക്കാൻ ശ്രമിക്കാം.

ഭാരതീയ തത്ത്വചിന്താപദ്ധതിയിലെ ഏററവും കാതലായ ഭാഗത്തിലൊന്നാണിതു്. ഇതിൽ ഞാൻ പറയുന്നതു് എന്റെ അനുഭവവും അഭിപ്രായവുമാണു്. ഇതുമായി വിയോജിക്കുന്നവക്കു് എന്റെ അനുഭവാദി കൾ ശരിയെന്നുകാണുന്നതുവരെ വിയോജിച്ചുകൊള്ളാം

എൻെറ ഇതിനെ സംബന്ധിച്ച അഭിപ്രായത്തെ തിരു ത്തേണ്ടോ.

ജാഗ്രത്തു് സർവസാധാരണമാണു്. സർവസമ്മതമെന്നു പറയപ്പെടുന്ന അറിയപ്പെടും അവസ്ഥാവിശേഷമാണു്. ജാഗ്രത്തിൽ കണ്ടെത്തും സർവസാധാരണത്വം സ്വപ്നത്തിനില്ല. സ്വപ്നം ഏതോ ഒന്നിൻെറ പ്രതിബിംബഭാവത്തിൽ നീങ്ങുകയാണു്. ഒന്നും വാസ്തവമല്ലാത്തതിനാൽ മെച്ചം പറച്ചിൽ ശരി ആകണമെന്നില്ല.

വേദാന്തത്തിൻെറ കാതലായ ഒരു ഭാവം ഇവിടെ ഞാൻ പറയാം. ബ്രഹ്മം മാത്രമേ സത്യമായുള്ളൂ. അതായതു് നിത്യമായിട്ടുള്ളതായിട്ടുള്ള ബ്രഹ്മം സത്യം ജഗത്മിഥ്യ എന്നാണു് വേദാന്ത കഥനം. ബ്രഹ്മം കാണുന്ന നേരത്തു് ജഗത്തില്ലെന്നു നിശ്ചയം. ജഗത്തു ണ്ടെന്നുകാണുന്ന നേരത്തു് ബ്രഹ്മപ്രകാശം തെളിയില്ലവനിൽ. ഇങ്ങനന്യോന്യവിരുദ്ധഭാവേനയാണിവ നിലകൊള്ളുന്നതു്. പക്ഷേ ഇവിടം കൊണ്ടൊന്നും നിന്നുകളയരുതു്. ചില അനുഭവഭാവങ്ങൾ കൂടി പറയാം. അറിയേണ്ടവയാണവ.

'മുന്നമൊരിക്കൽകചൻതാൻ സമാധിയിൽ
നിന്നെഴുന്നേറ്റേററമാനന്ദമാർന്നഹോ
ധന്യൻതനിയേ വിജനസ്ഥലത്തിങ്കൽ
നിന്നുസഗൽഗദമിങ്ങനെ ചൊല്ലിനാൻ
എന്താണുചെയ്യേണ്ടതെന്തെടുക്കേണ്ടുഞാൻ
എന്തിനെ തള്ളേണ്ടു
ഹന്തമഹാകല്പകാലജലംപോലെ
ഞാൻതന്നെ എങ്ങും നിറഞ്ഞിരിക്കുന്നതു്
മേനിക്കകത്തും പുറത്തും ചുവട്ടിലും
നൂനം മുകളിലും പത്തുദിക്കിങ്കലും

ഞാനുണ്ടെവിടെയുംപാര്‍ത്തുകണ്ടീടുകില്‍
ഞാനില്ലാതെകണ്ടില്ലൊരേടത്തിലും
ഏതൊന്നിലില്ലാതിരിക്കുന്നഞാനഹോ
വാദമില്ലല്പവുമായതില്ലെങ്ങുമേ
എന്നിലില്ലാത്തതോര്‍ത്തീടിലതൊന്നാണ്
സന്ദേഹമില്ലായതില്ലാത്തതാകുന്നു
ജ്ഞാനസ്വരൂപംസമസ്തമെന്നാകയാല്‍
ഞാനാഗ്രഹിക്കേണ്ടതെന്തിനെയാകുന്നു.''

ഇതു് ശ്രീലഘുയോഗവാസിഷ്ഠത്തിലെ ഉപദേശാഖ്യാനത്തിലെ ശ്രീരാമോപദേശമാണു്. ഇതിനെ തികച്ചും തത്വജ്ഞാനപരമായി വിചിന്തനം ചെയ്തു മനസിലാക്കി പഠിക്കാം.

മുമ്പൊരിക്കല്‍ കചന്‍ എന്ന മഹാത്മാവായ മഹാശയന്‍ സമാധിയില്‍നിന്നെഴുന്നേററമാനന്ദത്തോടെ അത്ഭുതപരവശനായി ഇങ്ങനെ പറഞ്ഞുപോയി.

എന്താണു ഞാന്‍ ചെയ്യേണ്ടതു് എന്തെടുക്കണം ഞാന്‍ എന്തിനെ തള്ളണം മഹാകല്പകാലജലസമാനം-മഹാപ്രളയത്തിലെ പ്രളയജലം പോലെ ഞാന്‍ തന്നെ എങ്ങും നിറഞ്ഞിരിക്കുന്നതായിട്ടാണു് കാണുന്നതു്. ദേഹാന്തരംഗത്തും വെളിക്കും താഴയും മുകളിലും എന്നല്ല പത്തു ദിക്കിലും ഞാനുണ്ടല്ലായിടവും—ഞാനില്ലാത്തതായ ഒരു ഇടവും ഞാന്‍ കണ്ടില്ല. ഏതിലെങ്കിലും ഞാനില്ലാതിരിക്കുന്നുവെങ്കില്‍ സംശയിക്കേണ്ടതേയില്ല. അങ്ങനെയുള്ള ഒരിടം ഇല്ലാത്തതുതന്നെ. ബോധസ്വരൂപം സര്‍വവുമടങ്ങിയതെന്നാകയാല്‍ ഞാന്‍ മററൊന്നിനേയുമാഗ്രഹിക്കേണ്ടതായില്ലതന്നെ. സാക്ഷാത്കാരത്തിന്‍െറ ഒരു മനോഹര ചിത്രീകരണമാണു് നാം

കേട്ടതു്. മഹാകല്പകാലജലംപോലെ ഞാൻ തന്നെ എങ്ങും നിറഞ്ഞു കാണപ്പെടുന്നു കീഴിലും മുകളിലും എന്നല്ലെല്ലായിടവും ഞാനുണ്ടുകാണുന്നു. ഒരിടത്തും ഞാനില്ലാത്തതായി കണ്ടില്ല.

സമസ്തവുമടങ്ങിയതാണു് ജ്ഞാനത്തിന്റെ സ്വരൂപം ആകയാൽ ബോധസ്വരൂപനായ ഞാൻ എങ്ങും നിറഞ്ഞുനിലകൊള്ളുന്നു. ഇതാണു് ആത്മസാക്ഷാത്കാരത്തിന്റെ ബ്രഹ്മാനുഭവചിത്രീകരണം. ഇങ്ങനെ സമസ്തലോകവിസ്തൃതിസമ്പൂർണ്ണനായ തനിക്കു് ആഗ്രഹിക്കാനൊന്നും തന്നെ അവശേഷിക്കുന്നതേയില്ല. ഇങ്ങനെ പരിപൂർണ്ണസച്ചിദാനന്ദസ്വരൂപനായ തനിക്കു ആഗ്രഹങ്ങൾക്കാവശ്യമേയില്ലതന്നെ. തനിക്കാഗ്രഹിക്കേണ്ട ആവശ്യമേയില്ലതന്നെ. ഇങ്ങനെ, ശരിക്കും മനസിലാക്കാതെ, പരിപൂർണ്ണസച്ചിദാനന്ദസ്വരൂപമായ ആത്മാവിനെ താനായിട്ടറിയാതെ ഏതോ ബലഹീന ജീവനാണുതാനെന്നു ശാസ്ത്രവിരുദ്ധമായി സിദ്ധാന്തസമ്മതമറിയാതെ വിലപിക്കാതെ എഴുന്നേല്ക്കു ഭാരതാ എഴുന്നേല്ക്കു ഭാരതാ നീ പാപിയല്ല ഭ്രഷ്ടനല്ല തികച്ചും പരിപൂർണ്ണനായ, ആത്മാവായ ബ്രഹ്മമാണെന്നറിഞ്ഞു ദുഃഖവിമുക്തനായി എഴുന്നേററു് നീ നിന്നെക്കണ്ടു് നിന്റെ മഹത്വമറിഞ്ഞു് ഉത്ബുദ്ധനാകുക.

ഓം ഓം ഓം

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകാരൻെറ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം—ഭാഗം 1
ശ്രീധരവചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരൻെറ ബോധാവകലോകനം
ശ്രീധരൻെറ വേദാന്തദർശനം
പ്രബോധശ്രീധരം
ശ്രീധരൻെറ ബോധസുധാകരം
ബോധാകാശ വിഹംഗ
ശ്രീധരൻെറ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ
ശ്രീധര ബോധാമൃതം
വേദവേദാന്തേ ശ്രീധരഗരുഡഗമനം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം, ഉത്തരഗീത, അവധൂതഗീത,
ശ്രീ ഗോപാലഗീത, വേദാന്ത സാരം,
രാമഗോപാലം, ശ്രീധരം.